# കാട്ടാക്കട സിഡിഎസ്

കേരളത്തിന്റെ തെക്കേ അറ്റത്തെ തിരുവനന്തപുരം ജില്ലയിലെ മലയോര ഗ്രാമപ്രദേശമായ കാട്ടാലിന്റെ ചുവട്ടിൽ പ്രവർത്തിക്കുന്ന കാട്ടാക്കട ഗ്രാമ പഞ്ചായത്തിലെ 21 വാർഡുകളുമായി ചുറ്റപ്പെട്ടു കിടക്കുന്ന കാട്ടാക്കട കുടുംബശ്രീയുടെ കോവിഡ് കാലത്തെ പ്രവർത്തന വിജയഗാഥയുടെ ഒരു ചെറുവിവരണം സമർപ്പിക്കുന്നു.

കാട്ടാക്കട പ്രദേശത്ത് പാവപ്പെട്ട സ്ത്രീകളുടെ കൂട്ടായ്മയായി 1998 ൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും അയൽക്കൂട്ടങ്ങളെ 2001 ൽ ഗ്രാമ സേവകന്റെ ഓഫീസിൽ രജിസ്റ്റർ ചെയ്പ്പിച്ചു കുടുംബശ്രീ എന്ന മഹത് പ്രസ്ഥാനം കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചു. അന്ന് 27 അയൽക്കൂട്ടവുമായി പ്രവർത്തനം ആരംഭിച്ച് ഇന്ന് 44 കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഇത്രയും സംഘങ്ങളിലായി 7325 അംഗത്വവും ഉ  ് കൂടാതെ ഒരു സ്പെഷ്യൽ  അയൽക്കൂട്ടവും 16 അംഗങ്ങളും വയോജന അയൽക്കൂട്ടവും അതിൽ 283 അംഗങ്ങളും ചേർന്ന് രൂപീകരിച്ചു.420 ഓളം കുട്ടികളെ ഉൾപ്പെടുത്തി  ബാലസഭയും ബാല സഭ കുട്ടികളുമായി വളരെ മികച്ച പ്രവർത്തനം കാഴ്ചവച്ച് ബാല സൗഹൃദപഞ്ചായത്തായി പ്രവർത്തിച്ചു വരുന്നു. കുട്ടികൾക്കായി നിപ്പവൈറസ് മാലാഖ ശ്രീമതി ലിനിയുടെ പേരിൽ ആമച്ചൽ പി എച്ച് സിയിൽ പാർക്കും തുറന്നു നൽകി.അതുപോലെ അശണരും നിർദ്ധനരുമായ നിരവധി സ്ത്രീകൾക്ക്വരുമാനമാർഗ്ഗം തേടുന്നതിനിയി മൈക്രോ സംരംഭങ്ങൾ ആരംഭിയ്ക്കുകയും അത് പലവീടുകളുടേയുംനിത്യ പട്ടിണിയിൽ നിന്നും കരകയറ്റി.അതുപോലെ തിരുവനന്തപുരം ജില്ലയിൽ 18 ന്യൂട്രിമിക്സുകളിൽ 4 എണ്ണവും കാട്ടാക്കട സിഡിഎസിൽ പ്രവർത്തിച്ചു വരുന്നു. അതുപോലെ കാർഷികഗ്രാമമായ കാട്ടാക്കടയിൽ വിവിധതരത്തിലുള്ള കൃഷികളിൽ സ്ത്രീകളുടെ കൂട്ടായ്മയുടെ വിജയഗാഥയു  ്.

കോവിഡ് 19 എന്ന മഹാമാരിയുടെവിത്ത് ലോകമാകെ വിതച്ചപ്പോൾ കരുതലിന്റെ കൈതാങ്ങായി ദൈവത്തിന്റെ സ്വന്തം നാടായ കേരളം ചെറുത്തു തോല്പ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന കുടുംബശ്രീ പ്രസാഥനത്തിന്റെ മറക്കാനാകാത്ത ഓർമകൾ സമ്മാനിച്ച വർഷം ആരുടേയും കണ്ണ് നിറയാതെ എന്ത് സഹായം എവിടെ എത്തിക്കണമെന്നുചിന്തിച്ചു പ്രവർത്തിക്കുന്ന സ്ത്രീ കൂട്ടായ്മ. കുടുംബശ്രീ എന്ന പ്രസ്ഥാനം ഇല്ലെങ്കിൽ നടക്കാത്ത സാഹചര്യം ആയി. ഇക്കാലഘട്ടത്തിൽ നമ്മുടെ സിഡിഎസിന്റെ പ്രവർത്തനങ്ങളുടെ ചെറുവിവരണം ചുവടെ ചേർക്കുന്നു.

ബ്രേക്ക് ദി ചെയിൻ:-

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ആദ്യത്തെ ചുവടുവയ്പ്പായിയുന്നു കണ്ണിമുറിയ്ക്കൽപ്രക്യയ. ഇതിനായിട്ടുള്ള പ്രതിരോധപ്രവർത്തനങ്ങൾ സുസ്ത്യർഹമായപങ്ക് വഹിച്ചു. സി ഡി എസ് ചെയർപേഴ്സന്റേയും അംഗങ്ങളുടേയും എ ഡി എസ് സഹകരണത്തോടു കൂടി 21 വാർഡുകളിലും പ്രധാന ജംങ്ഷനുകൾ കേന്ദ്രീകരിച്ച് ക്യാംപെയിൻ, കൈകഴുകാനുള്ള സജ്ജീകരണങ്ങളും എത്ര സമയമെടുത്ത് ഏത് രീതിയിൽ കൈ കഴുകണം എന്നുള്ള ബോധവത്കരണം നടത്തുകയു  ായി. ബ്രേക്ക് ദി ചെയിൻ പോസ്റ്ററുകൾ ഇതോടൊപ്പം പതിപ്പിക്കുകയും ചെയ്തു.






സംഘടന:-

വൈറസ് വ്യാപനത്തിന്റെ ആദ്യഘട്ടതിൽ തന്നെ വിവരങ്ങൾ താഴെതട്ടുവരെ എത്തിക്കുന്നതിനായി സി ഡി എസ്തലത്തിൽ എ ഡി എസ് അംഗങ്ങളെ ഉൾപ്പെടുത്തിയും ഓരോ വാർഡിലെ എഡിഎസ് അയൽക്കൂട്ട അംഗങ്ങളേയും വാർഡ് മെമ്പറേയും ഉൾപ്പെടുത്തി ഓരോ ഗ്രൂപ്പും അതിൽ വിവരങ്ങൾ കൈമാറാനും നിർദ്ദേശ്ശങ്ങൾ നൽകാനുമായി സി ഡി എസ് ചെയർപേഴ്സണേയും അക്കൗ  ന്റിനേയും ബി സി, ആർ പി മാരെ ഉൾപ്പെടുത്തി . അതുപ്പോലെ ഓരോ അയൽക്കൂട്ടങ്ങളും വാട്സാപ്പ് കൂട്ടായ്മ ആരംഭിച്ച് അതിൽ സി ഡി എസ് അംഗം, വാർഡ് മെമ്പർ എന്നിവരെ കൂടി ഉൾപ്പെടുത്തി.

അങ്ങനെ എല്ലാത്തരത്തിലുമുള്ള അറിയിപ്പുകൾ നിർദ്ദേശങ്ങൾ എന്നിവ നൽകാൻ സുതാര്യമായ വഴി ക ത്താൻ സാധിച്ചു.ചില അയൽക്കൂട്ടത്തിൽ കോവഡ് കാലത്തെ പ്രയാസത്തിൽ ആന്തരികവായ്പയുടെ പലിശ ര ുമാസം ഒഴിവാക്കി.

അയൽക്കൂട്ട അംഗങ്ങൾ ആകെ വിഷമിച്ചു കഴിയുന്ന അവസരത്തിണ് കുടുംബശ്രീയുടെ ഉണർവ്വ് എന്ന പരിപാടി എത്തിയത്. ജീവിതത്തിന്റേയും പ്രാരാബ്ധങ്ങളുടേയും നടുവിൽ നട്ടം തിരിയുന്ന പാവപ്പെട്ട അംഗങ്ങളുടെ മറവിയുടെ ചെപ്പിൽ ഒളിപ്പിച്ച സർഗ്ഗാത്മകമായ കഴിവുകൾ തെളിയിക്കുന്നതിനായിഒരു മത്സരം, കഥ, കവിത, ചിത്രരചന, തുടങ്ങിയവ മൊബൈൽ ഫോണിലൂടെ അവരുടെ വാർഡിലെ ഗ്രൂപ്പിലേയ്ക്കും അതുവഴി സി ഡി എസ് ഗ്രൂപ്പിലേയ്ക്കും വന്നു. ഇന്നുവരെ കിട്ടാത്ത സ്നേഹാദരവ് അവരോട് പലരും വിളിച്ചു പറഞ്ഞപ്പോഅ ആ പ്രത്സാഹനം ഇനിയും നല്കണമെന്നുള്ള അഭ്യർത്ഥനയായി മാറി.

സർക്കാർ കോവിഡ് സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ പ്രഖ്യാപിച്ച മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി ലക്ഷ്യമിട്ടത് സാധാരണക്കാരായ കുടുംബശ്രീ അംഗങ്ങളെ ലക്ഷ്യമാക്കിയാണ്. അത് സാധാരണക്കാരായ സ്ത്രീകളുടെ വീട്ടിലെത്തിക്കാനായി കഠിന പരിശ്രമം നടത്തേ ി വന്നു. ആദ്യം ഫോമുകൾ പ്രിന്റ് ചെയ്തു അതാത് വാർഡുകളിൽ അക്കൗ ന്റ് മുൻകൈ എടുത്ത് ഓട്ടോപിടിച്ചു എത്തിച്ചു നല്കി. മാനദണ്ഡങ്ങൾ പാലിച്ച് ലോൺ അപേക്ഷ സമർപ്പിക്കാൻ നല്ലോരു ബോധവത്കരണം തന്നെ നടത്തേ ി വന്നു. അങ്ങനെ ജില്ലാമിഷൻ അനുവദിച്ച 38833230 രൂപയെ 381 അയൽക്കൂട്ടങ്ങളിലെ 4974 അംഗങ്ങൾക്ക് വീതിച്ചു നല്കി. അതിന്റെ എല്ലാ അപേക്ഷകളും ബാങ്കിൽ സമർപ്പിക്കുകയും 130 അയൽക്കൂട്ടങ്ങളിലായി 1392 അംഗങ്ങൾക്ക് 13745000/- രൂപ പാസായി ലഭിക്കുകയും ചെയ്തു. ബാക്കി അയൽക്കൂട്ടങ്ങൾക്ക് വിവിധ ബാങ്കുകളിലായി പ്രോസസിംഗ് നടത്തി വരുന്നു.



**മൈക്രോ എന്റർപ്രൈസസ്**

കോവിഡ്കാലത്തെ പ്രധാനമായുള്ള കുടുംബശ്രീ സംരംഭമാണ് ഹാൻഡ് വാഷും സാനിട്ടൈസറും നിർമ്മാണം നമടത്തുകയു ായി. ഷൈനിംഗ് സ്റ്റാർ & ശിവാനി ക്രാഫ്റ്റ്സ് & ക്ലീനിംഗ് പ്രോഡക്ട് എന്നീ വ്.ക്തിഗത സംരംഭകരാണ് അതിനായി മുന്നോട്ടു വന്നത്. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലുമായി നല്ലോരു വരുമാന മാർഗ്ഗം ഉ ാക്കാനും അതിലുപരി വലിയൊരു സേവനം നടത്താനും സാധിച്ചു.

.

മാസ്ക് നിർമ്മാണം അത് വനലിയൊരു നെറ്റ് വർക്കാണ്. നമ്മുടെ സമൂഹത്തിൽ ഉ ാക്കിയിരിക്കുന്നത്.കാട്ടാക്കട കുടുംബശ്രീയെ സംബന്ധിച്ച് തയ്യലറിയാവുന്ന ഓരോ അംഗങ്ങളും രജിസ്റ്റർ ചെയ്തതും ചെയ്യാത്തതുമായ എല്ലാവരും മാസ്ക് തയ്ക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ചെയർപേഴ്സന്റെ നേതൃത്വത്തിൽ വിവിധ വാർഡുകളിലെ തയ്യലറിയാവുന്ന രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾക്കും വ്യക്തിപരമായി തയ്യലിൽ ഏർപ്പെട്ടിരിയ്ക്കുന്ന എല്ലാവർക്കും തുണികൾ എടുത്തു വനാർഡുകളിൽ ചെയർപേഴ്സണും അക്കൗ ന്റും ചേർന്ന് ഓട്ടോപിടിച്ചു വിവിധ അംഗങ്ങളുടെ കൈയ്യിൽ എത്തിച്ചു.

അതിലുപരി മറക്കാനാകാത്ത ഓർമ്മ എന്നു പറയുന്നത് തുണിക്കടയുടെ നമ്പർ വാങ്ങി പോലീസു കാണാതെ കട തുറപ്പിച്ചാണ് തുണികൾ വാങ്ങി.എത്തിച്ചത്. അങ്ങനെയുള്ള മാസ്ക്കുകൾ തിരികെ തയ്ച്ചു വാങ്ങി പഞ്ചായത്ത്, കുടുംബാരോഗ്യ കേന്ദ്രം. ആയുർവേദ ആശുപത്രി, ബാങ്കുകൾ, പോലീസ്കാർ എന്നിവർക്കു നൽകുകയു ായി.






## മാർക്കറ്റിംഗ്

‘രുചിയോർമ്മ‘ പഴമയിലേയ്ക്ക് തിരിച്ചുപോക്ക് എന്നുള്ള മത്സരം കുടുംബശ്രീയിലെ മുതിർന്ന വനിതകൾക്കും ഒരവസരം ആയിരുന്നു.പരമ്പരാഗത രുചിക്കൂട്ടുകൾ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്താനും പകർന്നു നല്കാനും വേ ി ലോക്ക് ഡൗൺ വേളയിൽ രുചി ഓർമ്മ എന്ന പേരിൽ വാട്സാപ്പ് വഴി പാചക കുറിപ്പുകൾ അയക്കുകയും ചെയ്തു. നമ്മുടെ പ്രദേശത്ത് സുലഭമായി ലഭിയ്ക്കുന്ന പദാർത്ഥങ്ങൾ കൊ ുള്ള വിഭവങ്ങളായിരുന്നു അതിലേറേയും. ഈ പാചക കുറിപ്പുകൾ ക ് പാചകം നടത്തി എല്ലാവരും പഴമയുടെ രുചിക്കൂട്ടുകൾക്ക് നന്ദി അറിയിച്ചു. ഇതിലുള്ള വേറൊരു പ്രത്യേകത എന്നു പറയുന്നത് കലാസാഹിത്യമത്സരത്തിൽ പങ്കെടുക്കാൻ കഴിയാത്ത കുറച്ചുപേർക്ക്കിടിടയ അവസരമാണ് രുചിയോർമ്മ എന്നുള്ളത്.



## എം.കെ .എസ്.പി

കലാസാഹിത്യമത്സരത്തിലും രുചിയോർമ്മയിലും പങ്കെടുക്കാൻ സാധിക്കാത്ത വനിതകൾക്കായി അതാ വേറൊരു മത്സരം മൈക്രോഗ്രീൻ അടുക്കളത്തോട്ട നിർമ്മാണം. ഇത് വേറിട്ടൊരു ഉന്മേഷമാണ് നല്കിയത്. പ്രത്യേകിച്ച് ലോക്ക് ഡൗൺ കാലത്ത് പച്ചക്കറി ലഭ്യത കുറഞ്ഞുവരുകയും സ്വന്തം ആവശ്യത്തിനായി മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിക്കാനുമായി അടുക്കളത്തോട്ടം . വിത്തു പാകുന്നത് മുതൽ ഓരോഘട്ടം ഘട്ടമായുള്ള വീഡിയോ സഹിതം എല്ലാവരും മുൻകൈ എടുത്തു. മത്സരത്തിന്റെ ഭാഗമായാണെങ്കിലും എല്ലാവരും കൃഷി നല്കുന്ന പാഠം സ്വയം പര്യാപ്തതയും അതിലുപരി വിഷരഹിതമായ ആഹാരം, എന്നാൽ ഇതെല്ലാം വലുതാണ്മാനസികമായ ഉല്ലാസം.





ജൻഡർ:-

കോവിഡ് 19 കാലത്തു ആരും തുണയില്ലാതെ സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങൾ സ്നേഹത്തിന്റെ ഒരു കരുതലായി കമ്യൂണിറ്റി കൗൺസിലർമാർ വിളിയ്ക്കുകയും അവശ്യസാധനങ്ങൾ എത്തിക്കുകയും ചെയതു.സന്നദ്ധ വോളന്റിയർരജിസ്ട്രേഷനായി അയൽക്കൂട്ടത്തിലും സേവന താല്പര്യമുള്ള ര ംഗങ്ങളെ രജിസ്ട്രേഷൻ ചെയ്യിപ്പിച്ചു.

**കമ്മ്യൂണിറ്റി കിച്ചൻ**

കമ്മ്യൂണിറ്റി കിച്ചൻ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ വേറിട്ടൊരു ചുവടുവയ്പ്പാണ്. ആദ്യം ആകെയൊരു കൺഫ്യൂഷൻ നേരിട്ടു എന്നാൽ മാർച്ച് 28-ാം തീയതി മുതൽ ഏപ്രിൽ 21 വരെയുള്ള ദിവസം എന്നു പറയുന്നത് സി ഡി എസ് അംഗങ്ങൾക്ക് മറക്കാനാകാത്ത അനുഭവ സമ്പത്താണ്. കാരണം മാസ്ക് ഗ്ലൗസ് എന്നിവ ധരിച്ച തലയിൽ തൊപ്പിയു ൊക്കെ വച്ച് വലിയ ഷെഫ് എന്നുള്ള രീതിയിൽ എല്ലാവരും സാമൂഹിക അകലം പാലിച്ച് രാവിലെ 6 മണിയ്ക്ക് ഒരു വരുമാനവുമില്ലാത്തവർ ഓട്ടോ പിടിച്ചു ഹാളിൽ എത്തുകയും പാചകം തുടങ്ങുകയും ചെയതു. കൂടെ സഹായിക്കാൻ പഞ്ചായത്തു ജനപ്രതിനിധികളും അതോടോപ്പം നിർദ്ദേശം നല്കാനും സഹായിക്കാനും പ്രസിഡന്റും അതൊരു ടീം വർക്കായിരുന്നു. 2 - 3 ദിവസം കഴിഞ്ഞപ്പോൾ എല്ലാവരും ഒരു കല്ല്യാണവീടിന്റെ പ്രതീതിയായി ഒരു തരത്തിൽ പറഞ്ഞാൽ കൂട്ടായി പച്ചക്കറി കട്ടിംഗ് പാചകം വിളമ്പൽ എന്നിവ ഘട്ട്ം ഘട്ടമായി നടത്തി അതിലുപരി പഴമയുടെ രുചിക്കൂട്ടുകൾ പാട്ടുകൾ എന്നിവ ഇതോടൊപ്പം ഉ ്. ആദ്യദിവസം തന്നെ എല്ലാവരും മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ചെക്കപ്പ് നടത്തി. അതുപോലെ ഓരോ ദിവസം കണക്കാക്കി സിഡിഎസ് അംഗങ്ങളെ തീരുമാനിച്ചു.സി.ഡി.എസ് അംഗങ്ങളുടെയും മെമ്പർസെക്രട്ടറി,അക്കൗ ന്റ്,എന്നിവർചേർന്ന് ഒരു ദിവസത്തെ ഭക്ഷണം സ്പോൺസർ ചെയ്തു.200 മുതൽ 550 വരെ ഊണ് നല്കിയ ദിവസങ്ങൾ ഉ ്. കാൾസെന്റർ വഴി ബുക്ക് ചെയ്തതും അല്ലാതെ അതിഥി തൊഴിലാളികൾക്കും വാർഡിലെ ഒറ്റപ്പെട്ടു ആരോരും നോക്കാനില്ലാത്തവർക്കും വേ ി ഒരു നേരത്തെ ആഹാരം നല്കുന്നതിന് കഴിഞ്ഞു. ആഹാരം പാചകം ചെയ്തു സന്നദ്ധ സേവകർ വഴി വാർഡു തലത്തിൽവീടുകളിൽ എത്തിച്ചുനല്കുകയുംചെയ്തു. അതിൽ നിന്നുള്ള പ്രചോദനം ഉൾക്കൊ ് ജനകീയ ഹോട്ടലിലേയ്ക്ക് ചുവടുവയ്ക്കുകയാണ്.





സാമൂഹ്യ വികസനം

ബാലസഭ കുട്ടികൾക്കായി കുടുംബശ്രീയുടെ നേതൃത്വത്തിൽ അകലത്തിലും ഒരുമയുടെ അവധിക്കാലം സംഘടിപ്പിച്ചു. ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ ഭാഗമായി പ്രതിരോധ വീഡിയോ സന്ദേശം നല്കുകയും ചെയ്തു. അതുപോലെ കൊറോണയ്ക്കെതിരായ പോരാട്ടത്തിന് കുട്ടികൾ ഏറ്റെടുത്ത ചലഞ്ചുകൾ കൈകഴുകുന്ന വീഡിയോകൾ എന്നിവയും വൈറസിനെ കീറി മുറിയ്ക്കുന്ന ചിത്രരചനകൾ ചെയ്യേ പ്രവൃത്തികൾ, അതുപോലെ പക്ഷിമൃഗാദികൾക്ക് ഭക്ഷണം നല്കുന്നതിനും ചെറിയ രീതിയിലുള്ള കൃഷി അങ്ങനെയങ്ങനെ വിവിധ രീതിയിൽ പ്രചോദനം ഉൾക്കൊ ുള്ള പ്രവർത്തനങ്ങളാണ് കുട്ടികൾ കാഴ്ച വച്ചത്.പാഴ് വസ്തുക്കളിൽ നിന്നും കുട്ടികൾ ഉപയോഗപ്രദമായ കരകൗശലവസ്തുക്കൾ ഉ ാക്കി.



കാട്ടാക്കട സിഡിഎസിന്റെ കീഴിൽ 280 അഗതി രഹിത കേരളം ഗുണഭോക്താക്കളാണുള്ളത്. ഈ ഗുണഭോക്താക്കളിൽ 60 വയസ്സിനുമുകളിൽ പ്രായമായവർക്ക് കോവിഡ് 19 കാലഘട്ടത്തിൽ കുടുംബശ്രീയുടെ നിരീക്ഷണസർവ്വേ നടത്തുകയും അതിലൂടെ കിട്ടിയ ഊർജ്ജവുമാണ് ഈ സാക്ഷ്യപപെടുത്തൽ. കുടുംബശ്രീയുടെ ഇടപ്പെടലിലൂടെ കാട്ടാക്കടയുടെ എം എൽ എ യുടെ ഗ്രൂപ്പായ ' **ഒറ്റക്കല്ല ഒപ്പമു** ' എന്ന പദ്ധതിയിലൂടെ അവർക്ക് ആവശ്യമായ മരുന്നുകളും പ്രോട്ടീൻ പൗഡർ,ആഹാരം ഉൾപ്പടെ എത്തിച്ചുകൊടുക്കുകയും പെട്ടെന്നൊരു അസുഖമു ായാൽ വിളിക്കേ നമ്പർ അവർക്കു നല്കി. അവർക്ക് ധൈര്യം കൊടുത്തു സമാധാനിപ്പിക്കാൻ കഴിഞ്ഞു.



കാവിനപുറം വാർഡിലെ എഡിഎസ് അംഗമായ ശ്രീമതി ബീമാബീവി ഞങ്ങളുടെ ബീമാത്താത്ത മധുരിമ ന്യൂട്രിമിക്സിൽ വർക്ക് ചെയ്യുന്നു. അവരുടെ ചെറിയ വരുമാനത്തിൽ നിന്നും പരാലിസിസിൽ കഴിയുന്ന സജിയ്ക്കും കുടുംബാംഗങ്ങൾക്കും പലവ്യഞ്ജനങ്ങളും പച്ചക്കറിയും നല്കി. ജന്മനാ വികലാംഗനായ ഷാജഹാനും അവരെ ആശ്രയിച്ചു കഴിയുന്ന ഭർത്താവ് ഉപേക്ഷിക്കപ്പെട്ട സഹോദരിയും മക്കളും അടങ്ങുന്നതാണ് കുടുംബത്തിനേയും ബീമാത്താത്ത ഈ അവസരത്തിൽ സാധനങ്ങൾ എത്തിച്ചു അവരെ സഹായിച്ചു.മാത്രമല്ല മറ്റു കുടുംബങ്ങളേയും ഇതുപോലെ സഹായിക്കാൻ ബാമാത്താത്തയ്ക്ക കഴിഞ്ഞു.ഇതിൽ നിന്നെല്ലാം മനസിലാക്കുന്നത്കുടുംബശ്രീ പ്രവർത്തനത്തിൽ നിന്നും ലഭിച്ച ഊർജ്ജമാണ്.

എഡിഎസ് അംഗങ്ങളും മെമ്പറും ചേർന്ന് അരിയു പലവ്യഞ്ജനസാധനങ്ങളും ദുരിതം അനുഭവിക്കുന്ന വീടുകളിൽ എത്തിച്ചു കൊടുത്തു.കാൻസർ രോഗികൾക്കും കിടരോഗികൾക്കും മരുന്നുകൽ എത്തിച്ചു കൊടുക്കുകയും അവനരുടെ കാര്യങ്ങളിൽ ഇടപ്പെടുകയും ചെയ്തു.

**വിവിധവകുപ്പുകളുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ**

ആരോഗ്യ വകുപ്പുമായി ചേർന്ന് കോറന്റയിൻ വീടുകളിൽ അന്തരീക്ഷശുദ്ധി വരുത്താനായി ധൂപനചൂർണ്ണം എത്തിച്ചു.സാമൂഹിക അകലം പാലിച്ച് വിവിധ വാർഡുകളിൽ മെഡിക്കൽക്യാമ്പ് നടത്തി.

 

**പ്രത്യേക പ്രവർത്തനങ്ങൾ**

ചെമ്പനാകോട് വാർഡിലെ ശ്രീ നെൽസൺ–പത്മിനി ദമ്പതികൾ ഡി എഫ് കെ അംഗങ്ങളാണ്. ര ുപേരും തളർന്നു കിടപ്പിലാണ്. മകളും കുടുംബാംഗങ്ങളും ഒപ്പമാണ് താമസിക്കുന്നത്. ചെറുമകൾക്ക് 3 വയസ്സായി എന്നാൽ കുട്ടിയ്ക്ക് വളർച്ചാകുറവാണ്. പല ഡോക്ടർമാരേയും കാണിച്ചശേഷം ഇപ്പോൾ ട്രീറ്റ്മെന്റ് ചെയ്യുന്ന ഡോക്ടർ "Human growth Horman" എന്ന ഇഞ്ചക്ഷൻ മരുന്ന് റെക്കമെന്റ് ചെയ്തു. ആ ഡോക്ടർ തന്നെ മരുന്നു കമ്പനിയുമായി ബന്ധപ്പെട്ട് 15000/– രൂപയുടെ മരുന്ന് 7500/– രൂപയ്ക്ക് ഓൺലൈൻ ആയി ബുക്ക് ചെയ്ത് വരുത്തി നല്കുന്നത്. എന്നാൽ ലോക്ക് ഡൗൺ ആയപ്പോൾ കുടുംബത്തിന്റെ ഏക ആശ്രയമായ കൂലിപണിക്കാരനായ പിതാവിന് കുഞ്ഞിന്റെ മരുന്ന് വങ്ങാൻ കഴിയാതെ വന്നപ്പോൾ ആണ് കുടുംബശ്രീ സിഡിഎസ് അംഗം ആ വീട്ടിലെത്തുന്നത്. ഉടൻ തന്നെ നാട്ടിലെ ഒരു വിധം സഹായിക്കാൻ കഴിയുന്ന പലരുമായിബന്ധപ്പെട്ട് തുക സംഘടിപ്പിച്ചു മരുന്ന് എത്തിച്ചു നല്കി. അവരുടെ കണ്ണുകളിൽ ദൈവത്തെകാണും പോലെയുള്ള നോട്ടവും കരച്ചിലും കരൾ തകർന്ന പ്രതീതിയാണ് തോന്നിയതെന്നും പറഞ്ഞു. തുടർന്ന് ഈ മാസം മുതൽ എം എൽ എ മുഖേന മരുന്ന് എത്തിയ്ക്കാം എന്നുള്ള ഉറപ്പും നല്കി.




**ഭാവി പ്രവർത്തനങ്ങൾ**

കോവിഡ്19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽമാസ്ക് തയ്ക്കുന്നവരുമായ എല്ലാവരേയും ചെറുകിട സംരംഭങ്ങളായി രജിസ്റ്റർ ചെയ്യുകയും അവരെ പ്രോത്സാഹിപ്പിക്കുയും ചെയ്യുക. മാസ്ക് തയ്ചച്ച്തുപോലെ പുതിയൊരു ചുവടുയ്പ്പായി കോട്ടൺ ഗ്ലൗസ് കൂടി തയ്ക്കുന്നതിനുള്ളതുടക്കം കുറിച്ചിട്ടു ്. അപ്പോൾ ബസ്സിൽ കയറുമ്പോഴും സാമ്പത്തിക ക്രയവിക്രയം നടത്തുമ്പോഴും നമ്മുക്ക് ഉപകാരമാകും. ഹാൻഡ്വാഷും സാനിടൈസറും നിർമ്മിക്കുന്നവരെ പരമാവധി പ്രോത്സാഹിപ്പിക്കുയും ഇവർക്കെല്ലാം ഉള്ള വില്പനകേന്ദ്രങ്ങൾ ക െ ത്തി നല്കുക.

പ്രധാനമായും സാമൂഹിക അകലം പാലിച്ചുകൊ ് ആരോഗ്യദായക വോളന്റിയർമാർക്കും കുടുംബശ്രീ സന്നദ്ധവോളന്റിയർമാർക്കും പരിശീലനവും പ്രതിരോധപ്രവർത്തനങ്ങളും ബോധവത്കരണവും നടത്തുക.

അമൃതരാജൻ(ബ്ലോക്ക് കോഡിനേറ്റർ)
സ്കിൽ& എസ്.ഡി
9446565690

അനസൂയ കെ(ചെയർപേഴ്സൺ)
9946891566